സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന അപ്പെക്സ് സഹകരണ സ്ഥാപനങ്ങൾ

149 (516) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന അപ്പെക്സ് സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ ഓരോന്നിന്റെയും ഓഹരി മൂലധനം, കടബാധ്യതകൾ, നഷ്ടം എന്നിവ എത്രയെന്നു വിശദമാക്കാമോ ;

(സി) നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന അപ്പെക്സ് സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ 11-ഉം മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിൽ 9-ഉം അപ്പെക്സ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) ഇവയുടെ ഏറ്റവും അവസാനത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. *

(സി) ഏറ്റവും അവസാനത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ (ഹൗസ്ഫെഡ്), കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് (കെ.എസ്.സി.എ.ആർ.ഡി.ബി.) എന്നിവയും ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (മിൽമ), കേരള സംസ്ഥാന സഹകരണ ഫിഷറീസ് ഡെവലപ്മെന്റ് ഫെഡറേഷൻ (മത്സ്യഫെഡ്) എന്നിവയുമാണ് ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly